Draft #8 of File 37108/AC A8/1/2019/AC A 8 Approved by ASSISTANT REGISTRAR II (ACADEMIC) on 23-Nov-2019 03:08 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

മഹാത്മാഗാന്ധി സർവകലാശാലാ ബിഎഎസ് ജി - കോന്നി മന്നം സ്മാരക എൻ.എസ്.എസ് കോളേജിലെ വിദ്യാർത്ഥികൾക്കെതിരായ അച്ചടക്ക നടപടി - ബിഎഎസ് ജിയുടെ കണ്ടെത്തലുകൾ സിൻഡിക്കേറ്റ് പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 8 സെക്ഷൻ**

നമ്പർ. 5891/AC A 8/2019/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 23.11.2019

---

പരാമർശം:-16.11.2019 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ ഒ .എ 14/19.10

**<u>ഉത്തരവ്</u>**

കോന്നി മന്നം സ്മാരക എൻഎസ്എസ് കോളേജ് പ്രിൻസിപ്പൽ 27.09.2019-ൽ ഇമെയിൽ ആയി അയച്ച കത്ത് പ്രകാരം 26.08.2019-ൽ കോളേജിലെ ഒരു കൂട്ടം വിദ്യാർത്ഥികൾ കോളേജിൽ കലാപം ഉണ്ടാക്കുകയും കോളേജിന്റെ സുഗമമായ നടത്തിപ്പിന് വിഘാതം സൃഷ്ടിക്കുകയും ചെയ്യുതായും ഇതിനെ തുടർന്ന് അന്വേഷണം നടത്തിയ അന്വേഷണ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കോളേജിലെ വിദ്യാർത്ഥികളായ ജിഷ്ണു ശശികുമാർ (അഞ്ചാം സെമസ്റ്റർ ബികോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ), മെൽബിൻ സിബി (അഞ്ചാം സെമസ്റ്റർ ബികോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ), ആരോമൽ എസ് (ഒന്നാം സെമസ്റ്റർ ബിഎ ഇംഗ്ലീഷ് വിത്ത് ജേർണലിസം), ആരോമൽ എസ് (മൂന്നാം സെമസ്റ്റർ ബിഎ ഇംഗ്ലീഷ് വിത്ത് ജേർണലിസം), രെച്ചു തോമസ് (അഞ്ചാം സെമസ്റ്റർ ബിബിഎ) എന്നീ വിദ്യാർത്ഥികൾക്ക് വിടുതൽ സാക്ഷ്യപത്രം നൽകിയതായും അറിയിച്ചിരുന്നു.

കോളേജിൽ നിന്നും പുറത്താക്കിയതിനെതിരെ വിദ്യാർത്ഥികൾ സർവ്വകലാശാലാ യൂണിയൻ അദ്ധ്യക്ഷൻ മുഖേന ബിഎഎസ്ജി അദ്ധ്യക്ഷൻ മുമ്പാകെ 19.10.2019-ൽ പരാതികൾ സമർപ്പിച്ചു. പരാതിക്കാർ കേരള ഹൈക്കോടതിയിൽ സമർപ്പിച്ച 2019-ലെ 27838 നമ്പർ സിവിൽ റിട്ട് ഹർജിയിലെ 18.10.2019-ലെ ഉത്തരവ് പ്രകാരം പരാതിക്കാർ സർവ്വകലാശാലക്ക് സമർപ്പിച്ച അപ്പീലുകൾ വിധിപ്പകർപ്പ് ലഭിച്ച് ഒരു മാസത്തിനകം തീർപ്പ് കൽപ്പിക്കണമെന്ന് ഉത്തരവായിരുന്നു. ബിഎഎസ്ജി അദ്ധ്യക്ഷനായ വൈസ്ചാൻസലർ 14.11.2019-ൽ പരാതികളിന്മേൽ 1997-ലെ മഹാത്മാഗാന്ധി സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ടുകളിലെ അദ്ധ്യായം 27 സ്റ്റാറ്റ്യൂട്ട് 5 പ്രകാരം പ്രാഥമിക അന്വേഷണം നടത്തുകയും പരാതികൾ ബിഎഎസ്ജി മുമ്പാകെ സമർപ്പിക്കുന്നതിന് ഉത്തരവിടുകയും ചെയ്തു.

14.11.2019-ന് ഉച്ച കഴിഞ്ഞ് 2 മണിയ്ക്ക് ചേർന്ന ബിഎഎസ്ജി യോഗം പരാതികൾ പരിഗണിക്കുകയും പരാതിക്കാരുടേയും പ്രിൻസിപ്പലിന്റെയും ഭാഗങ്ങൾ കേൾക്കുകയും ഇപ്രകാരമുള്ള കണ്ടെത്തലുകൾ നടത്തുകയും ചെയ്തു.

1, കോളേജിൽ ഉണ്ടായ വലിയ തോതിലുള്ള സംഘർഷത്തിൽ ഉൾപ്പെട്ട എല്ലാവർക്കും എതിരെ നടപടികൾ സ്വീകരിച്ചിട്ടില്ല. മറിച്ച് ഒരു സംഘടനയിൽപ്പെട്ടവർക്കെതിരെ മാത്രമാണ് ശിക്ഷണ നടപടികൾ സ്വീകരിച്ചത്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

2, പരാതിക്കാരുടെ വിടുതൽ സാക്ഷ്യപത്രങ്ങൾ നൽകുന്നതിൽ പാലിക്കേണ്ട, 1978-ലെ കേരള സർവ്വകലാശാലാ ഒന്നാം ഓർഡിനൻസ് അദ്ധ്യായം III ഓർഡിനൻസ് 1(8)-ൽ പ്രതിപാദിച്ചിരിക്കുന്ന വ്യവസ്ഥ പ്രിൻസിപ്പൽ പാലിച്ചിട്ടില്ല.

1997-ലെ മഹാത്മാഗാന്ധി സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ടുകളിലെ അദ്ധ്യായം 27 സ്റ്റാറ്റ്യൂട്ട് 6 അനുസരിച്ച് ബിഎഎസ്ജിയുടെ കണ്ടെത്തലുകൾ സിൻഡിക്കേറ്റ് പരിഗണിച്ച് 'സർവ്വകലാശാലാ ചട്ടങ്ങൾക്ക് വിരുദ്ധമായി കോന്നി മന്നം സ്മാരക എൻ.എസ്.എസ് കോളേജിലെ 5 വിദ്യാർത്ഥികളെ പുറത്താക്കിയ കോളേജിന്റെ നടപടി റദ്ദാക്കുന്നതിനും വിദ്യാർത്ഥികൾക്ക് നഷ്ടപ്പെട്ട അദ്ധ്യായന ദിനങ്ങളിലെ ഹാജർ അനുവദിച്ചു നൽകുന്നതിനും നോമിനൽ രജിസ്ട്രേഷൻ അനുവദിക്കുന്നതിനും പരീക്ഷകൾ എഴുതുന്നതിന് വിദ്യാർത്ഥികളെ അനുവദിക്കുന്നതിനും പരാമർശം (1) പ്രകാരം തീരുമാനിച്ചു '.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജെസ്സി ജോൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. പ്രിൻസിപ്പൽ , മന്നം മെമ്മോറിയൽ എൻ.എസ് .എസ് കോളേജ്, കോന്നി.
2. പരാതിക്കാരായ വിദ്യാർഥികൾ.
3. വൈസ് ചാൻസലറുടെ പി.എസ്
4. പ്രോ വൈസ് ചാൻസലറുടെ പി.എസ്
5. രജിസ്ട്രാറുടെ പി.എ
6. പരീക്ഷാ കൺട്രോളറുടെ പി.എ
7. ജെ.ആർ II/ഡി.ആർ I/എ.ആർ II (അക്കാദമിക്)
8. എസി സി/ലീഗൽ സെക്ഷൻ
9. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ.
10. ടാബുലേഷൻ സെക്ഷൻ /ഇ .കെ III
11. കരുതൽ ഫയൽ/ ഫയൽ പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #8 of File 37108/AC A8/1/2019/AC A 8 Approved by ASSISTANT REGISTRAR II (ACADEMIC) on 23-Nov-2019 03:08 PM - Page 2